# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - മെഡിക്കൽ ഓഫീസർമാരെ ജൂനിയർ കൺസൾട്ടന്റുമാരായി നിയമിച്ചത് മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു :-

പരാമർശം:- ഉത്തരവ് നം. ഇ.എ1 - 33740/2017/ആ.വ.ഡ തീയതി 12/07/2017

<u>*ഉത്തരവ് നമ്പർ : ഇ.എ1 - 33740/17/ആ.വ.ഡ തീയതി : 24/07/2017*</u>

മുക്കാലി പൈലറ്റ് സ്കീം ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് സർജനായ ഡോ.നിതാ.സി.എസ് -നെ എലപ്പുള്ളി താലൂക്ക് ആശുപത്രയിലെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റായും, തൈക്കാട്ടുശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ.ലിഷ.ജെ.ദാസിനെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ഒഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായും പരാമർശപ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ എലപ്പുള്ളി താലൂക്ക് ആശുപത്രിയിൽ അനസ്തേഷ്യ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക നിലവിലില്ലായെന്നും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഒഫ്താൽമോളജി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയിൽ ഒഴിവ് നിലവിലില്ലായെന്നും ബന്ധപ്പെട്ട ആശുപത്രിയിലെ സൂപ്രണ്ടുമാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഡോ.നിത.സി.എസ് - നെ കൂത്ത്പറമ്പ താലൂക്ക് ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റായും ഡോ.ലിഷ.ജെ.ദാസിനെ മാനന്തവാടി ജില്ലാ ആശുപത്രി മൊബൈൽ യൂണിറ്റിലെ ഒഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായും പുനർനിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശിത ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപനമേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)
**ഡോ.സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ് :-

ജീവനക്കാർ

പകർപ്പ് :-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), പാലക്കാട് / ആലപ്പുഴ/ വയനാട് / കാസർഗോഡ്
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, എലപ്പുള്ളി പാലക്കാട് / ജില്ലാ ആശുപത്രി മാനന്തവാടി, വയനാട്, കാഞ്ഞങ്ങാട്, കാസർഗോഡ്
4. മെഡിക്കൽ ഓഫീസർ, പൈലറ്റ് സ്കീം ഡിസ്പെൻസറി, മുക്കാലി, പാലക്കാട് / സാമൂഹികാരോഗ്യ കേന്ദ്രം, തൈക്കാട്ടുശ്ശേരി, ആലപ്പുഴ
5. ഫയൽ / കരുതൽ ഫയൽ

// ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

3918

GOVERNMENT OF KERALA